**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1084.** **01.03.2017 ന് മറുപടിയ്ക്ക്**

**COTPA പ്രകാരം എടുത്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് COTPA പ്രകാരം എടുത്ത കേസുകളുടെ എണ്ണം എത്രയാണ്; | (എ) | 40196 COTPA കേസ്സുകൾ എക്സൈസ് വകുപ്പ് എടുത്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതെന്നായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | 20.08.2014 ലെ GO(P)No.155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12 ഉം 13 ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ടി ആക്ടിലെ 4, 6, 28 എന്നീ സെക്ഷനുകൾ പ്രകാരം കൂടി നടപടി സ്വീകരിക്കുന്നതിന് മേൽ വിവരിച്ച എക്സൈസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിക്കൊണ്ട് 27.12.2016-ലെ GO(P)No.112/ 2016/TD പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | COTPA പ്രകാരം കേസെടുക്കുവാൻ എക്സൈസ് വകുപ്പിനധികാരമില്ലെന്നിരിക്കെ ആരുടെ നിർദ്ദേശമനുസരിച്ചാണ് കേസെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | 20.08.2014 ലെ GO(P)No.155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act- ലെ 12 ഉം 13 ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ചാണ് കേസുകളെടുത്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**